(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# IV സബ്മിഷൻ

## (1) രാമമംഗലം പഞ്ചായത്തിലെ പെരുംകുഴി പാലത്തിന്റെ പണി

ശ്രീ. ബെന്നി ബഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രാമമംഗലം പഞ്ചായത്തിൽ പെരുംകുഴി എന്ന പ്രദേശത്ത് മൂവാറ്റുപുഴ ആറിന് മുകളിൽ പണിയാനുദ്ദേശിക്കുന്ന ഒരു പാലത്തിന്റെ പണി തുടങ്ങാത്തതിലുള്ള കാലതാമസം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പെരുംകുഴിയിൽ ഒരു പാലം പണിയണമെന്ന ആവശ്യം 1981-1982 കാലഘട്ടത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതാണ്. അതിനുശേഷം അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ പാലത്തിന്റെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി എന്ന നിലയിൽ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും മറ്റു ഉദ്യോഗസ്ഥൻമാരെയും വിളിച്ച് ഒരു കോൺഫറൻസ് നടത്തുകയും ചെയ്തു. അതിനുശേഷം ഇതിന്റെ നടപടി ഒന്നുമാകാതെ നിൽക്കുകയാണ്. എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് മുഴുവൻ പ്രയോജനം കിട്ടുന്ന ഈ പാലത്തിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, മൂവാറ്റുപുഴയാറിന് കുറുകെ പെരുംകുഴി എന്ന സ്ഥലത്താണ് ഈ പാലം പണിയാൻ ഉദ്ദേശിക്കുന്നത്. അതിന്റെ പണിക്ക് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. വിശദമായ എസ്റ്റിമേറ്റ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനു ഏകദേശം എഴുപത്തിയഞ്ചു ലക്ഷം രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തികമായ പരിമിതിക്കുള്ളിൽനിന്നുകൊണ്ടു മാത്രമേ ഇത് ചെയ്യാൻ സാധിക്കുകയുള്ളു. എല്ലാ ഫാർമാലിറ്റീസും നടത്തിയെങ്കിലും ഈ കൊല്ലത്തെ ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തനവുമായി മുന്നോട്ട് പോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (2) കുന്നമംഗലം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീ. കെ. പി. രാമൻ : സർ, എന്റെ നിയോജകമണ്ഡലം ഏറെക്കുറെ മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുകയാണ്. ഈ പുഴകളുടെ പ്രധാന കേന്ദ്രങ്ങളിലെല്ലാംതന്നെ പാലങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചിരുന്നു. ഇതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ വളരെ കൊല്ലങ്ങൾക്കുമുൻപുതന്നെയുള്ളതാണ്. ബഡ്ജറ്റുകളിലും ഉള്ളതാണ്. ഇവിടെ ധാരാളം പാലങ്ങളുണ്ട്. ഈ പാലങ്ങളെക്കുറിച്ചെല്ലാംതന്നെ പറയാതിരിക്കാനും വയ്യ പറയാനും വയ്യ എന്നുള്ള ഒരു സാഹചര്യമാണ് ഉള്ളത്. അവിടത്തെ പ്രധാനപ്പെട്ട പാലമാണ് മല്ലിശ്ശേരിത്താഴം എം. എൽ. എ. റോഡിൽ സ്ഥിതി ചെയ്യുന്ന ചെറുവറ്റക്കടവ് പാലം. ആ കടവിൽ ഓരോ വർഷവും അപകടമുണ്ടാകാറുണ്ട്. കഴിഞ്ഞവർഷമുണ്ടായ തോണിയപകടത്തിന്റെ ഫലമായി ആറാളുകൾ മരിച്ചു. ഇതുകൂടാതെതന്നെ പണ്ടാരക്കടവ്

LIBRARY ARCHIVES Kerala Legislative Assembly

പാലം, കുറുങ്ങോട്ടുകടവ് പാലം, ഇടവഴിക്കടവ് പാലം, മന്തലക്കടവ് പാലം തുടങ്ങിയുള്ള പാലങ്ങൾക്കുവേണ്ടിയുള്ള നീക്കങ്ങളെല്ലാംതന്നെ ഉണ്ടായിരുന്നെങ്കിലും അതിനുശേഷം മറ്റുള്ള പ്രവർത്തനങ്ങളൊന്നുമുണ്ടായിട്ടില്ല. ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ.കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചെറുവറക്കടവ് പാലം മല്ലിശ്ശേരിത്താഴം ചെറുവറക്കടവ് എം.എൽ.എ. റോഡിലാണ്. ഈ റോഡിന് 7.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിക്കഴിഞ്ഞു. പാലത്തിന്റെ പണിക്കു 46.28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പാലം പണി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്തതുകൊണ്ട് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുമതി നല്കാനുള്ള നടപടികളും എടുത്തുവരികയാണ്. പണ്ടാറക്കടവ് പാലം പണിയേണ്ടത് കോഴിക്കോട് വൈത്തിരി ഗൂഡല്ലൂർ റോഡിൽനിന്ന് ആരംഭിച്ച് പണ്ടാറക്കടവ് വരെയുള്ള റോഡിലാണ്. ആ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നിർദ്ദേശം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരികയാണ്. കുറുങ്ങോട്ട് കടവ് പാലം നിർമ്മിക്കേണ്ടത് കൊടുവള്ളി ആർ. ഇ.സി. റോഡിലാണ്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡായ ആ റോഡിന്റെ പണിക്ക് 13.58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചു കഴിഞ്ഞു. ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കാനുള്ള പ്രാരംഭ നടപടികളും എടുത്തുവരികയാണ്. ഈ പാലത്തിന് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ഇടവഴിക്കടവ് പാലം നിർമ്മിക്കേണ്ടത് മാവൂർ പന്നിക്കോട് റോഡിലാണ്. ഈ റോഡ് പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കാൻ പോവുകയാണ്. 1983-ലെ കണക്കനുസരിച്ച് ഈ പാലം പണിക്ക് അറുപതു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് ഈ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു കഴിഞ്ഞതിനുശേഷം പാലത്തിന്റെ പണി ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. മന്തലക്കടവ് പാലത്തിനു ഏകദേശം 103 ലക്ഷം രൂപ ചെലവു വരും. ഇവിടെ ഒരു ബ്രിഡ്ജ്-കം-റഗുലേറ്റർ നിർമ്മിക്കാനുള്ള നിർദ്ദേശം ഇറിഗേഷൻ വകുപ്പിന്റെ ആലോചനയിലുണ്ട്. ഇതിനെ സംബന്ധിച്ച് അന്തിമമായ ഒരു തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

## (3) എ. ഐ. വൈ. എഫിന്റെ പൊതുയോഗത്തിനു നേരെയുള്ള കടന്നാക്രമണം

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ വളരെ ഗൗരവമുള്ള ഒരു കാര്യമാണ് അവതരിപ്പിക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും ഈ നാട്ടിൽ നിഷേധിക്കപ്പെടുന്ന കാര്യമാണ്. അഖിലേന്ത്യാ യുവജന ഫെഡറേഷന്റെ മാള മണ്ഡലം ജാഥയെ സ്വീകരിക്കുന്നതിന് മാളയിൽ നടത്തിയ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു കൊണ്ടു നിന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗവും തൃശ്ശൂർ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് സെക്രട്ടറിയുമായ സഖാവ് കൃഷ്ണൻ കണിയാംപറമ്പിൽ എന്ന ആളെ ഒരു കൂട്ടം കോൺഗ്രസ്സ് (ഐ) ക്കാരും വർഗ്ഗീയ വാദികളും ചേർന്ന് കഴിഞ്ഞ 15-ാം തീയതി കടന്നാക്രമണം നടത്തുകയുണ്ടായി. പൊതുയോഗം കലക്കാനും പ്രാസംഗികനെ കയ്യേറ്റം ചെയ്യാനും

LIBRARY ARCHIVES Kerala Legislative Assembly